
പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത്

പൗരാവകാശ രേഖ

(2019 ൽ പുതുക്കിയത്)



“നിങ്ങൾ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും ദരിദ്രനായ, ഏറ്റവും നിസ്സഹായനായ ഒരു മനുഷ്യന്റെ മുഖം സങ്കൽപ്പിച്ച് നോക്കുക. എന്നിട്ട് നിങ്ങൾ ചെയ്യാനുദ്ദേശിക്കുന്ന കാര്യം അയാൾക്ക് ഏതെങ്കിലും രീതിയിൽ പ്രയോജനപ്പെടുമോ എന്ന് സ്വയം ചോദിച്ചു നോക്കുക“

എം കെ ഗാന്ധി



ഹൈബി ഈഡൻ

ബഹു. എം.പി, എറണാകുളം, പാർലമെന്റ് മണ്ഡലം

ആശംസ.....

പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് പുതുക്കി പ്രസിദ്ധീകരിക്കുന്ന പൗരാവകാശ രേഖ ഭരണ നവീകരണ രംഗത്ത് ഒരു നല്ല കാൽവെയ്പ്പാണ്. മാറി വരുന്ന നിയമങ്ങളും സാമൂഹ്യ ആനുകൂല്യങ്ങളും അറിവില്ലായ്മയുടെ മറവിൽ നഷ്ടപ്പെട്ടുപോവുന്ന നൂറുകണക്കിനാളുകളുണ്ട്. അത്തരം ആളുകൾക്ക് ഒരു മാർഗ്ഗരേഖയായി – ഒരു സഹായയായി ഈ പൗരാവകാശരേഖ മാറുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. ഈ നല്ല സംരംഭത്തിന് എല്ലാവിധ ആശംസകളും

സ്നേഹപൂർവ്വം
(ഒപ്പ്)
ഹൈബി ഈഡൻ



കെ.ജെ മാക്സി ബഹു.എം.എൽ.എ,

കൊച്ചി നിയോജക മണ്ഡലം

ആശംസ.....

പള്ളുരുത്തി ബ്ലോക്ക് പഞ്ചാത്ത് പൗരാവകാശ രേഖ പുതുക്കി പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷമുണ്ട്. ഭരണ രംഗത്ത് സുതാര്യത ഉറപ്പ് നൽകുന്നതിൽ വളരെയധികം പ്രധാനപ്പെട്ടതാണ് പൗരാവകാശ രേഖ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അനുബന്ധ സ്ഥാപനങ്ങളിൽ നിന്നും പൗരന് ലഭിക്കുന്ന അധികാരങ്ങളും അവകാശങ്ങളും ജനസേവന പ്രവർത്തനങ്ങളും പൊതുജനങ്ങളുടെ അറിവിൽ കൊണ്ടുവരുന്നതിനും പരാതികളില്ലാതെ ഭരണം മുന്നോട്ടുകൊണ്ടുപോകാൻ സഹായിക്കുന്നതിനോടൊപ്പം അധികാര വികേന്ദ്രീകരണ പ്രക്രിയയ്ക്ക് ഒരു മുതൽക്കൂട്ടായിത്തീരട്ടെ ഈ പൗരാവകാശരേഖ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം
(ഒപ്പ്)
കെ.ജെ മാക്സി

എം. സ്വരാജ്, ബഹു.എം.എൽ.എ,

തൃപ്പൂണിത്തുറ നിയോജക മണ്ഡലം



ആശംസ.....

പള്ളുരുത്തി ബ്ലോക്ക് പഞ്ചാത്ത് പൗരാവകാശ രേഖ **പുതുക്കി** പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ സന്തോഷിക്കുന്നു. ജനകീയ ഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ജനക്ഷേമകരമായ ഭരണ നിർവ്വഹണത്തിന് തികച്ചും സഹായകരമായ ഒരു സംരംഭമാണിത്. ഭരണ സ്ഥാപനങ്ങളെ ജനങ്ങളുമായി അടുപ്പിക്കുന്നതിനും ഭരണ സ്ഥാപനങ്ങളുടെ കാര്യക്ഷമത ശക്തിപ്പെടുത്തുന്നതിനും നിസ്തുലമായ സേവനങ്ങൾ നിർവ്വഹിക്കാൻ പൗരാവകാശരേഖ പ്രകാശനത്തിലൂടെ സാധിക്കും. ഏറ്റവും കാര്യക്ഷമവും സമയബന്ധിതവും നീതിയുക്തവുമായ ഭരണ നിർവ്വഹണത്തിന് പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ പൗരാവകാശ രേഖ സഹായകരമായിത്തീരട്ടെയെന്ന് ഹൃദയപൂർവ്വം ആശംസിക്കുന്നു.

സ്നേഹപൂർവ്വം
(ഒപ്പ്)

എം. സ്വരാജ്


KOCHI COPORATION
MARADU MUNICIPALITY
THRIPPUNITHURA MUNICIPALITY
MULANTHURUTHI BLOCK
ALAPPUZHA DISTRICT
LEGEND
Educational Institute
Temple
Church
Mosque
KSRTC
Railway
Government Office
Street Lamp
Light House
Well
Fort
Boat Jetty
Factory
Anganavadi
Polling Station
Veterinary Hospital
Health Center
Pond
State Headquarters
District Headquarters
Taluk Headquarters
Panchayath Office
Village Office
Municipality
Corporation
Bank
Market
Petrol Pump
Samskarika Nilayam
Police Station
Post office
Stadium
Akshaya
Library
Tank
LEGEND
Block Boundary
Block Ward Boundary
Panchayath Boundary
Panchayath Ward Boundary
National Highway
State Highway
Other Roads
Railway Line
River and Stream

ആമുഖം

1994 ൽ കേരള പഞ്ചായത്ത് ആക്റ്റ് നിലവിൽ വന്നതോടെ ത്രിതല പഞ്ചായത്തുകളുടെ ചുമതലകൾ വ്യക്തമായി നിർവചിക്കപ്പെടുകയും ത്രിതല സംവിധാനം നടപ്പിലാകുകയും ചെയ്തു .ആത്യന്തിക ലക്ഷ്യം മഹാത്മാ ഗാന്ധിയുടെ സ്വപ്നമായിരുന്ന ഗ്രാമ സ്വരാജ് സഫലമാക്കുക എന്നത് തന്നെയാണ്. പഞ്ചായത്ത് സംവിധാനത്തിൽ ഒരു പൗരന് അവകാശപ്പെട്ടത് എന്തൊക്കെ എന്നത് അവനറിയാൻ അവകാശമുണ്ടാക്കുക പ്രാഥമിക കർത്തവ്യമാണ് .

ഓരോ ഭരണ സ്ഥാപനത്തിലും നിർണ്ണയിക്കപ്പെട്ട രീതിയിൽ പൗരന്മാർക്ക് ലഭ്യമാകുന്ന വിവിധയിനം സേവനങ്ങളും അവയുടെ വ്യവസ്ഥകളും അവ ലഭ്യമാക്കുന്ന സമയപരിധിയും സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന രേഖയാണ് പൗരാവകാശ രേഖ. ഭരണ രംഗത്ത് കാര്യക്ഷമത ഉറപ്പുവരുത്തി നിയമാനുസൃതവും സംയബന്ധിതവുമായി സേവനങ്ങൾ പ്രദാനം ചെയ്ത് സാമൂഹ്യ നീതിയും ഭരണ സുതാര്യതയും കൈവരിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്

മുൻപ് പ്രസിദ്ധീകരിച്ചിട്ടുള്ള പൗരാവകാശ രേഖ പുതുക്കുക എന്നതാണ് ഈ ഉദ്യമത്തിന്റെ ലക്ഷ്യം .പള്ളുരുത്തി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലും ഘടക സ്ഥാപനങ്ങളിലും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളാണ് പ്രധാനമായും ഈ രേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് .പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന ഏവർക്കും രേഖയിൽ പ്രതിപാദിച്ചിട്ടുള്ള സേവന ലഭ്യത ഉറപ്പാക്കാൻ കഴിയുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് പൗരാവകാശ രേഖ പൊതുജന സമക്ഷം സമർപ്പിക്കുന്നു.

പള്ളുരുത്തി	പ്രസിഡന്റ്	സെക്രട്ടറി
18.7.19	ജോർജ്ജ് പി എസ്	ടി വിജയകുമാർ

ബ്ലോക്ക് പഞ്ചായത്ത്

1993 ഏപ്രിൽ24 ന് 73-)ം ഭരണഘടനാഭേദഗതി പ്രാബല്യത്തിൽ വന്നതോടുകൂടി പഞ്ചായത്തിരാജ് സ്ഥാപനങ്ങൾക്ക് ഭരണ ഘടനാപദവി ലഭിച്ചു . ഭരണഘടനാഭേദഗതിക്കനുസൃതമായി ആസൂത്രിത ഗ്രാമവികസനത്തിനും തദ്ദേശ ഭരണ കാര്യങ്ങളിൽ വർദ്ധിച്ച തോതിലുള്ള ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിനും തദ്ദേശഭരണസ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനുമായി നിർമ്മിച്ച കേരള പഞ്ചായത്ത് രാജ് ആക്റ്റ് 23.4.1994ന് പ്രാബല്യത്തിൽ വന്നു. ജില്ലാ ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകൾ അടങ്ങിയ ത്രിതല പഞ്ചായത്ത് സംവിധാനമാണ് ഈ നിയമം വിഭാവനം ചെയ്യുന്നത്.1994ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് 3 പൊതു ചുമതലകളും 15 മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളും നിർവഹിക്കേണ്ടതുണ്ട് .ബ്ലോക്ക് തലത്തിൽ സർക്കാർ-സർക്കാരിതര സാങ്കേതിക വൈദഗ്ദ്ധ്യം ഉപയോഗപ്പെടുത്തുക ,ഗ്രാമ പഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം നൽകുക ,ഗ്രാമ പഞ്ചായത്തുകളുടെ പദ്ധതികൾ കണക്കിലെടുത്ത ശേഷം പദ്ധതികൾ തയ്യാറാക്കുകയും ബാക്ക് വേർഡ് ഫോർവേഡ് ലിങ്കേജ് നൽകുക എന്നിവയാണ് ബ്ലോക്ക് പഞ്ചായത്തുകളുടെ പൊതുവായ ചുമതലകൾ . പാർപ്പിടം ,ശുചിത്വം എന്നീ മേഖലകളിൽ ബ്ലോക്ക് പഞ്ചായത്തുകൾ മികച്ച പുരോഗതി കൈവരിച്ചിട്ടുണ്ട്

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഭരണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും വികേന്ദ്രീകൃതാസൂത്രണം സാധ്യമാക്കുന്നതിനും വേണ്ടി ഒമ്പതാം പഞ്ചവത്സരപദ്ധതിക്കാലത്ത് 1996ആഗസ്റ്റ് 17ന് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് സർക്കാർ തുടക്കം കുറിക്കുകയും സംസ്ഥാനത്തിന്റെ പദ്ധതി വിഹിതത്തിന്റെ 30-40% തുക വികസനക്ഷേമപ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകുകയും ചെയ്തു .സർക്കാരിന് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മേലുണ്ടായിരുന്ന ഒട്ടു മിക്ക നിയന്ത്രണങ്ങളും ഉപേക്ഷിച്ചുകൊണ്ട് അവയെ സ്വയംഭരണ സ്ഥാപനങ്ങളാക്കി മാറ്റുന്നതിന് 1999 ലെ ഭേദഗതികൾ ഇടവരുത്തി.

പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത്

പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് നിലവിൽ വന്നത് 1956ൽ ആണ് . എറണാകുളം ജില്ലയുടെ തെക്ക് പടിഞ്ഞാറ് ഭാഗത്താണ് പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്.27/10/2010 ലെ .GG O (Rt)LSGD/10/3346 പ്രകാരം വൈറ്റില ബ്ലോക്ക് നിർത്തലാക്കുകയും വൈറ്റില ബ്ലോക്കിലെ കുമ്പളം പഞ്ചായത്ത് പള്ളുരുത്തി ബ്ലോക്കിൽ ചേർക്കുകയും ചെയ്തു. ചെല്ലാനം ,കുമ്പളങ്ങി ,കുമ്പളം എന്നീ ഗ്രാമ പഞ്ചായത്തുകൾ ഈ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്നു .കുമ്പളം ,കുമ്പളങ്ങി എന്നിവ ഉൾനാടൻ മത്സ്യബന്ധനത്തിന് വളരെ അനുകൂലമായ പ്രദേശങ്ങളും ചെല്ലാനം ,അറബിക്കടലിന്റെ സാന്നിധ്യം കൊണ്ട് സമുദ്രജല മത്സ്യബന്ധനം വളരെ സാധ്യമായ പ്രദേശവുമാണ് . കായലുകളാല് സമ്പുഷ്ടമായ പ്രദേശങ്ങളാണെങ്കിലും കുടിവെള്ള ദൌർലഭ്യം അനുഭവപ്പെടുന്ന പ്രദേശമാണിത് .

പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാന വിവരങ്ങൾ

1.	വിസ്തീർണ്ണം	: 55.37 Sq.Km.
2.	ജനസംഖ്യ	: 99996
3.	സ്ത്രീകൾ	: 52087
4.	പുരുഷന്മാർ	: 47909
5.	ജനസാന്ദ്രത	: 1532
6.	പട്ടികജാതി	: 6914
7.	പട്ടികവർഗ്ഗം	: 25
8.	സാക്ഷരത	: 93.8 %
9.	സ്ത്രീ സാക്ഷരത	: 91.11 %
10.	പുരുഷ സാക്ഷരത	: 96.6 %
11.	ഉൾപ്പെടുന്ന ഗ്രാമ പഞ്ചായത്തുകൾ	: ചെല്ലാനം, കുമ്പളം, കുമ്പളങ്ങി
12.	ആകെ ഗ്രാമ പഞ്ചായത്ത് വാർഡുകൾ	: 56
13.	ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ	: 13
14.	വില്ലേജുകൾ	: കുമ്പളങ്ങി, ചെല്ലാനം, പള്ളുരുത്തി, കുമ്പളം
15.	താലൂക്കുകൾ	: കൊച്ചി, കണയന്നൂർ
16.	ജില്ലാ പഞ്ചായത്ത് ഡിവിഷനുകൾ	: 1– കുമ്പളങ്ങി
17.	നിയമ സഭാ മണ്ഡലങ്ങൾ	: കൊച്ചി , തൃപ്പൂണിത്തുറ
18.	ലോക സഭാ മണ്ഡലം	: എറണാകുളം
19.	ബ്ലോക്ക് പഞ്ചായത്ത് വെബ്സൈറ്റ്	: www.lsgkerala/palluruthyblockpanchayat
20.	ഗ്രാമ പഞ്ചായത്ത് വെബ്സൈറ്റ്	:
	കുമ്പളം	: www.lsgkerala.in/kumbalampanchayat
	കുമ്പളങ്ങി	: www.lsgkerala/kumbalanghipanchayat
	ചെല്ലാനം	: www.lsgkerala/chellanampanchayat

ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ

ഡിവിഷൻ നമ്പരും പേരും	മെമ്പറുടെ പേരും സ്ഥാനവും	ഫോൺ	ഗ്രാമപഞ്ചായത്ത്
1. കാട്ടിപ്പറമ്പ്	ശ്രീമതി ലിസി നെൽസൺ	9142761671	ചെല്ലാനം
2. കുമ്പളങ്ങി നോർത്ത്	ശ്രീമതി ഉഷപ്രദീപ്, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ	9567160075	കുമ്പളങ്ങി
3.സെന്റ് ജോസഫ് ചാപ്പൽ	ശ്രീ നെൽസൺ കോച്ചേരി	9349469262 8281565362	കുമ്പളങ്ങി
4.കുമ്പളം നോർത്ത്	ശ്രീമതി ശൈലജ രാധാകൃഷ്ണൻ വൈസ് പ്രസിഡണ്ട്	9995734510	കുമ്പളം
5.പെരുമന	അഡ്വ. ദിവ്യ മിഥുൻ,	9747709917	കുമ്പളം
6. ചേപ്പനം	ഒഴിവ്		കുമ്പളം
7. പനങ്ങാട് സൗത്ത്	ശ്രീമതി ലീല പദ്മദാസന്	8129693919	കുമ്പളം
8. കുമ്പളങ്ങി സൗത്ത്	ശ്രീമതി സൗമ്യ സുബിൻ എടേഴത്ത്	9895999950	കുമ്പളങ്ങി
9. കുമ്പളങ്ങി സെൻട്രൽ	ശ്രീ സജീവ് ആന്റണി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	9495506878	കുമ്പളങ്ങി
10. ചെല്ലാനം ഡിവിഷൻ	ശ്രീ ജോർജ് പി എസ് (സുരേഷ്) പ്രസിഡണ്ട്	9847727991	ചെല്ലാനം
11. അംബേദ്കർ കോളനി	ശ്രീ എ കെ വിശ്വംഭരൻ	9349844168	ചെല്ലാനം
12. കണ്ടക്കടവ്	ശ്രീമതി പുഷ്പി പൊന്നൻ, ആരോഗ്യ-വിദ്യാഭ്യാസ കാര്യ ചെയർപേഴ്സൺ	9846308975	ചെല്ലാനം
13. കണ്ണമാലി	ശ്രീ ജോസഫ് പി എക്സ്(സോണി സേവ്യർ)	9895060104	ചെല്ലാനം

ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്

ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിന്റെ മേധാവി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറാണ് . ചുമതലാനിർവഹണത്തിൽ താഴെ പറയുന്ന ഉദ്യോഗസ്ഥർ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറെ സഹായിക്കുന്നു .

1. ജോയിന്റ് ബി ഡി ഒ (ഇ ജി എസ്)
2. ഹെഡ് അക്കൌണ്ടന്റ്
3. ഹെഡ് ക്ലാർക്ക്
4. എക്സ്റ്റൻഷൻ ഓഫീസർമാർ
5. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ
6. ക്ലാർക്കുമാർ
7. ടൈപിസ്റ്റ്
8. ഡ്രൈവർ
9. ഓഫീസ് അറ്റന്റന്റ്മാർ
10. പി ടി എസ്

ഇവരെ കൂടാതെ MGNREGS അക്രെഡിറ്റഡ് എഞ്ചിനീയർ, ഡേറ്റ എന്ട്രി ഓപ്പറേറ്റർ എന്നിവരും ബി ഡി ഒ യെ സഹായിക്കുന്നു.

വിവിധ സെക്ഷനുകളും അവ കൈകാര്യം ചെയ്യുന്ന വിഷയങ്ങളും

Aസെക്ഷൻ :ജീവനക്കാര്യം ,സെൻസസ് ,തെരഞ്ഞെടുപ്പ് ,

വിട്ടുകിട്ടിയ സ്ഥാപനങ്ങൾ

Bസെക്ഷൻ :പി എം എ വൈ ,ലൈഫ് ,ബി പി എൽ

സർട്ടിഫിക്കറ്റ് SHG ,.

Cസെക്ഷൻ :പദ്ധതി കാര്യങ്ങൾ

Dസെക്ഷൻ :ഓഡിറ്റ് ,വാഹനം ,MPKBY, MPLADS, MLALADS

Eസെക്ഷൻ :MGNREGS

പൗരാവകാശ രേഖ എന്ത്? എന്തിന്?

ലക്ഷ്യവും ഉള്ളടക്കവും

ഈ സ്ഥാപനത്തിൽ നിന്ന് ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെയാണ്? ഈ സേവനങ്ങൾ ആർക്ക്? എപ്പോൾ? എങ്ങനെ ലഭിക്കും? എന്താണ് നിബന്ധനകൾ? എത്ര ദിവസത്തിനകം ലഭിക്കും? ഇതാണ് പൗരാവകാശ രേഖയുടെ മുഖ്യമായ ഉള്ളടക്കം. നിങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ സമയബന്ധിതമായും കാര്യക്ഷമമായും ലഭ്യമാക്കുക, സംശയങ്ങൾ ദൂരീകരിക്കുവാനുള്ള അവസരവും സന്ദർഭവും ഉണ്ടാക്കുക, ആരോടും പക്ഷപാതം കാണിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുക. എപ്പോഴും ബന്ധപ്പെടാനും സേവനങ്ങൾക്കായി സമീപിക്കാനുള്ള സംവിധാനം ഒരുക്കുക. പരാതികൾ പരിഹരിക്കുക. ഈസ്ഥാപനത്തിന് ജനങ്ങളോടുള്ള ഉത്തരവാദിത്വവും സമർപ്പണവും വിശ്വാസവും എപ്പോഴും പാലിക്കുക, സ്ഥാപനവും ജനങ്ങളും തമ്മിൽ സൗഹാർദ്ദപരമായ ബന്ധം ഊട്ടിയുറപ്പിക്കുക എന്നീ കാര്യങ്ങളാണ് സ്വാഭാവികമായും ഈ പൗരാവകാശ രേഖയിൽ വിവരിക്കുന്നത്. പരാതികൾക്കിടനൽകാത്ത വിധം അർഹരായ എല്ലാവർക്കും സേവനങ്ങൾ നൽകാനുള്ള ഈ സ്ഥാപനത്തിന്റെ ബാദ്ധ്യത പൗരാവകാശ രേഖയിലൂടെ ഉറപ്പുവരുത്തുന്നു. ഭരണ സുതാര്യതയ്ക്കും , കാര്യക്ഷമതയ്ക്കും ഉള്ള ഒരുപാധികൂടിയാണ് പൗരാവകാശ രേഖ

ഈ സ്ഥാപനത്തിന്റെ ദർശനം, ദൗത്യം, കാഴ്ച്ചപ്പാട്

ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെ ഭാഗമാണ് ഈ സ്ഥാപനം, പ്രാദേശിക സാമ്പത്തികവികസനം, ദാരിദ്ര്യ നിർമ്മാർജ്ജനം ദുർബല ജന വിഭാഗങ്ങളുടെ ഉന്നമനം, പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങളുടേയും, സ്ത്രീകളുടേയും, കുട്ടികളുടേയും ക്ഷേമം എന്നിവ ലക്ഷ്യമാക്കിയുള്ള കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികൾ നടപ്പാക്കുന്ന പ്രധാന സ്ഥാപനമാണിത്. കൂടാതെ കേന്ദ്ര–സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് സമഗ്ര വികസനത്തിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്തുവരുന്നു.

ഈ സ്ഥാപനത്തിന്റെ ദീർഘദൂര കാഴ്ചപ്പാടുകൾ, ലക്ഷ്യങ്ങൾ എന്നിവ താഴെ പറയുന്നവയാണ്

1. ഗ്രാമീണ സമ്പദ്ഘടനയുടെ വളർച്ചയും, വികസനവും
2. ദാരിദ്ര്യ നിർമ്മാർജ്ജനവും പ്രാദേശിക സാമ്പത്തിക വികസനവും
3. എല്ലാ ദാരിദ്ര്യ ജനവിഭാഗങ്ങൾക്കും തൊഴിലവസരങ്ങൾ
4. എല്ലാ ദാരിദ്ര്യ ജനവിഭാഗങ്ങൾക്കും താമസ യോഗ്യമായ വീട്
5. എല്ലാവർക്കും ആരോഗ്യ സുരക്ഷ, ശുചിത്വം, കുടിവെള്ളം
6. സമഗ്ര കാർഷിക വികസനം, നീർത്തട സംരക്ഷണം, ക്ഷീര വികസനം, മൃഗ സംരക്ഷണം
7. സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമം
8. ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക
9. പട്ടികജാതി – പട്ടിക വർഗ്ഗക്കാർ, ദുർബല ജനവിഭാഗങ്ങൾ, ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്നവർ, അഗതികൾ, വൃദ്ധജനങ്ങൾ എന്നിവരുടെ സാമൂഹ്യ സുരക്ഷ

പഞ്ചായത്ത് രാജ് നിയമത്തിന്റെ 4–ാം പട്ടിക പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുള്ള ചുമതലകൾ താഴെപ്പറയുന്നവയാണ്. ഇവയെ അടിസ്ഥാനമാക്കിയുള്ള വിവിധ പദ്ധതികളുടെ നിർവ്വഹണവും ലക്ഷ്യങ്ങളിൽ പെടുന്നു.

ഈ സ്ഥാപനത്തിൻറെ ഘടനയും പ്രധാന ചുമതലകളും

പഞ്ചായത്ത് രാജ് നിയമപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഒരു ഭരണ സമിതിയാണ് ഈ സ്ഥാപനത്തിൻറെ ഭരണം നടത്തുന്നത്. 14 അംഗങ്ങളും 3 ഗ്രാമപഞ്ചായത്ത് പ്രസിഡൻറുമാരും അടങ്ങുന്നതാണ് ഭരണ സമിതി. ഭരണ സമിതിയിലെ അംഗങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ചെയർമാൻമാരും അംഗങ്ങളും ഉൾക്കൊള്ളുന്ന ധനകാര്യം, വികസന കാര്യം, ആരോഗ്യവും വിദ്യാഭ്യാസവും, ക്ഷേമകാര്യം എന്നീ സ്റ്റാൻഡിംഗ് കമ്മറ്റികളും സ്റ്റിയറിംഗ് കമ്മിറ്റിയും ഭരണ സൗകര്യത്തിനായി രൂപീകരിച്ചിട്ടുണ്ട്. ജനറൽ കമ്മറ്റിയും വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികളും യോഗം ചേർന്നാണ് ഈ സ്ഥാപനത്തിൻറെ ഭരണപരമായ തീരുമാനങ്ങൾ എടുക്കുന്നത്. വിവിധ പദ്ധതികളുടെ ആസൂത്രണം, പദ്ധതിരൂപീകരണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ സ്വാഭാവികമായും ഭരണ

ചുമതലകളിൽ പെടുന്നു. ഇവ കൂടാതെ വിവിധ കേന്ദ്ര - സംസ്ഥാനാവിഷ്കൃത പദ്ധതികളും മാർഗ്ഗ രേഖകൾ അനുസരിച്ച് നിർവ്വഹണം നടത്തുന്നു. ഈ ഭരണ സംവിധാനത്തിൻറെ മുഖ്യ ഘടകമാണ് ഉദ്യോഗസ്ഥ സംവിധാനം. സെക്രട്ടറിയാണ് സ്ഥാപനത്തിൻറെ മുഖ്യ ഉദ്യോഗസ്ഥൻ. താഴെ പറയുന്നവർ വിവിധ ചുമതലകൾ നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥരാണ്.

ബ്ലോക്ക് ഡെവലപ്പ്മെന്റ്/ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ ഉദ്യോഗസ്ഥരും സേവനങ്ങളും

ടെക്നിക്കൽ വിഭാഗം		**മിനിസ്റ്റീരിയൽ വിഭാഗം**	
തസ്തികയുടെ പേര്	**തൊഴിൽപരമായ വിവരം**	**തസ്തികയുടെ പേര്**	**തൊഴിൽപരമായ വിവരം**
BDO	ഓഫീസ് മേധാവി, ബ്ലോക്കിലെ പ്രവർത്തനങ്ങൾക്ക് പൊതുവായ മേൽനോട്ടവും നേതൃത്വവും നൽകുന്നു.		
JBDO (EGS)	തൊഴിലുറപ്പു പദ്ധതി മേൽനോട്ടം	**ഹെഡ് ക്ലാർക്ക്**	ക്ലർക്കുമാരുടെ ഓഫീസ് പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും പണമിടപാടുകൾ നടത്തുന്നതിനും ബി.ഡി.ഒ യെ സഹായിക്കുന്നു
EO (P&M)	ബ്ലോക്കുതല പദ്ധതികളുടെ മേൽനോട്ടം ,ഗ്രാമവികസന പ്രവർ ത്തനങ്ങളുടെ ബ്ലോക്കുതല പദ്ധതി തയ്യാറാക്കുന്നതിനും സമയ ബന്ധിത റിപ്പോർട്ടിനും ബി.ഡി.ഒ യെ സഹായിക്കുന്നു. ബ്ലോക്ക് പഞ്ചായത്ത് മിനിറ്റ്സ്, സ്ഥിതി വിവര കണക്കുകൾ തയ്യാറാക്കൽ	**ഹെഡ് അക്കൗണ്ടന്റ്**	ക്ലർക്കുമാരുടെ ഓഫീസ് പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും പണമിടപാടുൾ നടത്തുന്നതിനും ബി.ഡി.ഒ യെ സഹായിക്കുന്നു
GEO	അസിസ്റ്റന്റ് പ്ലാൻ കോ– ഓഡിനേറ്റർ, ദേശീയ സമ്പാദ്യ പദ്ധതി, കേരളോത്സവം, പൈക്ക, ഗ്രാമ വികസന വാരാ ഘോഷം, സാക്ഷ രതാ പ്രവർത്ത നം എന്നിവയിലും മറ്റ് പൊതുവായ കാര്യങ്ങളിലും ബി.ഡി.ഒ യെ സഹായിക്കുന്നു.	ക്ലർക്കുമാർ	വിവിധ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടതും ജീവനക്കാരുടെ കാര്യങ്ങളിലേയും ഫയൽ പ്രവർത്തനങ്ങൾ നടത്തുന്നു
EO(WW)	എസ്.ജി.എസ്.വൈ, വനിതാ വികസന പരിപാടികൾ, MGNREGS കൺവെർജൻസ് പ്രവർത്തനങ്ങളുടെ മേൽനോട്ടം	ടൈപ്പിസ്റ്റ്	വിവിധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടതും ജീവനക്കാരുടെ കാര്യങ്ങളിലെയും ഫയൽ പ്രവർത്തനങ്ങളുടെ ഫെയർ കോപ്പി എടുക്കുന്നതിനും ഡെസ്പാച്ച്, ഡിസ്ട്രിബ്യൂഷൻ എന്നിവ കൈകാര്യം ചെയ്യുന്നതിനും സഹായി ക്കു ന്നു.

EO(H)	ഭവന നിർമ്മാണം, സമ്പൂർണ്ണ ശുചിത്വ യജ്ഞം എന്നിവ നടപ്പാക്കുന്നതിൽ ബി.ഡി.ഒ യെ സഹായിക്കുന്നു.	ഓഫീസ് അറ്റന്റന്റുമാർ	ബ്ലോക്കിലെ ദൈനംദിന കാര്യങ്ങളിൽ സഹായിക്കുകയും ഓഫീസ് തുറക്കുകയും പൂട്ടുകയും ചെയ്യുന്നു
വി.ഇ.ഒ മാർ	പി.എം.എ.വൈ, പഞ്ചായത്തിലെ പദ്ധതി നിർവ്വഹണം, എം.ജി.എൻ.ആർ.ഇ ജി.എസ് വർക്കുകളുടെ 100% പരിശോധന, ലൈഫ് പദ്ധതി മേൽനോട്ടം	പാർട്ട് ടൈം സ്വീപ്പർ	ആഫീസും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നു

മഹാത്മാഗാന്ധി തൊഴിലുറപ്പുപദ്ധതി വിഭാഗം

MGNREGS ACREDITED ENGINEER	തൊഴിലുറപ്പുപദ്ധതിയുമായി ബന്ധപ്പെട്ട ഫീൽഡ് തല പ്രവൃത്തികളുടെ മേൽനോട്ടം	**MGNREGS DEO**	തൊഴിലുറപ്പുപദ്ധതിയുമായി ബന്ധപ്പെട്ട ഡേറ്റ എന്ട്രി ജോലികൾ

നിർവ്വഹണ ഉദ്യോഗസ്ഥർ

1 ._ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

2. കൃഷി അസിസ്റ്റന്റ് ഡയറക്ടർ

3. മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, കുമ്പളങ്ങി

4. ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാം ഓഫീസർ

5. പട്ടികജാതി വികസന ഓഫീസർ

6. ഡയറി എക്സ്റ്റൻഷൻ ഓഫീസർ

7. വ്യവസായ വികസന ഓഫീസർ

8. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീർ (എൽ.എസ്.ജി.ഡി),

9. ഫിഷറീസ് ഇൻസ്പെക്ടർ

ബ്ലോക്ക് പഞ്ചായത്ത് നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ

1 ._ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസ്

2. ഐ.സി.ഡി.എസ് ഓഫീസ്

3. പട്ടികജാതി വികസന ഓഫീസ്

4. വ്യവസായ വികസന ഓഫീസ്

5. കൃഷി അസിസ്റ്റന്റ് ഡയക്ടർ ഓഫീസ്

6. ഡയറി ഡവലപ്പ്മെന്റ് ഓഫീസ്

7. കുമ്പളങ്ങി സാമൂഹ്യ ആരോഗ്യകേന്ദ്രം

8. എഞ്ചിനീയറിംഗ് വിംഗ് (എൽ.എസ്.ജി.ഡി)

ബ്ലോക്ക് പഞ്ചായത്ത് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന വിവിധ പദ്ധതിളും വിവിധ കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളും മേൽ പറഞ്ഞ സ്ഥാപനങ്ങളിലൂടെയും ഉദ്യോഗസ്ഥ സംവിധാനങ്ങളിലൂടെയുമാണ് നിർവ്വഹിക്കുന്നത്.

ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസ് ഫോൺ നമ്പർ – 2232162

ഫോൺ നമ്പർ – 2236559

ഈ സ്ഥാപനത്തിലെ വിവിധ പദ്ധതികളിലൂടെ ലഭിക്കുന്ന ആനുകൂല്യങ്ങൾ, സേവനങ്ങൾ

1. ദരിദ്ര ജന വിഭാഗങ്ങൾക്ക് പുതിയ ഭവന നിർമ്മാണത്തിനുള്ള ധനസഹായം

പി.എം.എ.വൈ/ലൈഫ് ഭവന പദ്ധതികളിലൂടെയാണ് പുതിയ ഭവന നിർമ്മാണത്തിന് ദരിദ്ര ജനവിഭാഗങ്ങൾക്ക് ധന സഹായം നൽകുന്നത്.

അർഹത 1. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബാഗം

2. വാസയോഗ്യമായ വീട് നിലവിൽ ഉണ്ടായിരിക്കരുത്.

3. സ്വന്തംപേരിൽ 2 സെന്റ് ഭൂമിയെങ്കിലും ഉണ്ടായിരിക്കണം

4. ഗ്രാമസഭ അംഗീകരിച്ച അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർ ആയിരിക്കണം

4. LIFE/SECC ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കണം

ഓരോ വിഭാഗത്തിനുമുള്ള ശതമാനം –എസ്.സി/എസ്.റ്റി വഭാഗങ്ങൾക്ക് 60%

ജനറൽ വിഭാഗത്തിന് 40%

മത ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ആകെയുള്ള വീട് 15%

ശാരീരികമായും മാനസികമായും വെല്ലുവിളി നേരിടുന്നവർക്ക് 15%

ഗുണഭോകതൃലിസ്റ്റിൽ ഉൾപ്പെടുത്തികിട്ടാനുള്ള നടപടി

നിശ്ചിത ഫോറത്തിൽ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ അപേക്ഷ നൽകാം. നിലവിലെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരിൽ നിന്നും, മുൻഗണനാടിസ്ഥാനത്തിൽ, ഗവൺമെന്റ് നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾപ്രകാരം അർഹത നേടുന്നവരുടെ ലിസ്റ്റ് തയ്യാറാക്കുകയും ആയത് ഗ്രാമസഭ, പഞ്ചായത്ത് കമ്മറ്റി എന്നിവ അംഗീകരിച്ച് നൽകുകയും ചെയ്യുന്നു. ലൈഫ് മാനദണ്ഡപ്രകാരം ഗ്രാമസഭതെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങളെയും SECC ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നവരെയുമാണ് ഇതിനായി പരിഗണിക്കുന്നത്.ടി ലിസ്റ്റിൽ ഉൾപ്പെടാത്തവർ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി നിശ്ചിത, ഫോറത്തിൽ ഗ്രാമ/ബ്ലോക്ക് ഓഫീസുകളിൽ അപേക്ഷ നൽകാം. വേണ്ട അന്വേഷണം നടത്തി അർഹരായവരെ ലിസ്റ്റിൽ ഉൾപ്പെടുത്തും.

എന്തൊക്കെ രേഖകൾ ഹാജരാക്കണം : ധനസഹായത്തിനുള്ള അപേക്ഷ , വസ്തുവിന്റെ കൈവശാവകാശ രേഖ (വില്ലേജ് ഓഫീസർ നൽകുന്നത്), കരം അടച്ച രസീത്
മറ്റ് പദ്ധതികളിൽ നിന്നും ഭവന നിർമ്മാണത്തിന് സഹായം ലഭിച്ചിട്ടില്ലെന്ന് കാണിക്കുന്ന ഗ്രാമപഞ്ചായത്ത് / പട്ടികജാതി വികസന ഓഫീസ് (എസ്.സി.എസ്.റ്റി വിഭാഗങ്ങൾക്ക്) എന്നിവിടങ്ങളിൽ നിന്നുള്ള സാക്ഷ്യപത്രം
റേഷൻ കാർഡിന്റെ കോപ്പി, ആധാർ കാർഡിന്റെ കോപ്പി
വോട്ടർ തിരിച്ചറിയൽ കാർഡിന്റെ കോപ്പി, ബാങ്ക് അക്കൗണ്ട് പാസ്ബുക്ക് കോപ്പി
ഭവന നിർമ്മാണത്തിനായി പഞ്ചായത്ത് അംഗീകരിച്ച് നൽകിയ അനുവാദവും പ്ലാനും
3 പാസ്സ്പോർട്ട്സൈസ് ഫോട്ടോകൾ
ഗുണഭോക്താവ് ഇപ്പോൾ താമസിക്കുന്ന പാർപ്പിടത്തിന് മുന്നിൽ കുടുംബത്തോടൊപ്പം നിൽക്കുന്ന ഫോട്ടോ
200 രൂപ വിലയുള്ള മുദ്രപത്രത്തിൽ കരാറുടമ്പടി
ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് (എസ്.സി.എസ്.റ്റി വിഭാഗങ്ങൾക്ക് മാത്രം)

നടപടിക്രമം :

അപേക്ഷകൾ ബ്ലോക്ക് ഓഫീസിലോ ഗ്രാമപഞ്ചായത്തുകളിലെ വി.ഇ.ഒ മാർക്കോ നൽകാം. അർഹതാ പരിശോധന നടത്തി വി.ഇ.ഒ റിപ്പോർട്ട് നൽകുന്നതനുസരിച്ച് ബ്ലോക്ക് ഡെവലപ്പ്മെന്റ് ആഫീസറുടെ പക്കൽ മേൽപറഞ്ഞ ബന്ധപ്പെട്ട രേഖകൾ സഹിതം 200 രൂപ വിലയുള്ള മുദ്ര പത്രത്തിൽ കരാറുടമ്പടി വയ്ക്കാവുന്നതാണ്. ഗുണഭോക്തൃ കുടുംബത്തിലെ സ്ത്രീ അംഗത്തിന്റെ പേരിലാണ് വീട് അനുവദിക്കുന്നത്. കുടുംബത്തിലെ ഭർത്താവിന്റെയും ഭാര്യയുടെയും കൂട്ടായ പേരിലും വീട് അനുവദിക്കാവുന്നതാണ്.

ധനസഹായ പരിധി

ജനറൽ വിഭാഗം	പി.എം.എ.വൈ വിഹിതം	- 1,20,000/-
	ഗ്രാമപഞ്ചായത്ത് വിഹിതം (അധിക സഹായം 25%)	- 70,000/-
	ബ്ലോക്ക് പഞ്ചായത്ത് വിഹിതം (അധിക സഹായം 50%)	- 1,12,000/-
	ജില്ലാ പഞ്ചായത്ത് വിഹിതം (അധിക സഹായം 25%)	- 98,000/-
	ലഭ്യമാകുന്ന ആകെ തുക	**4,00,000/-**
പട്ടികജാതി വിഭാഗം	പി.എം.എ.വൈ വിഹിതം	- 1,20,000/-
	ഗ്രാമപഞ്ചായത്ത് വിഹിതം (അധിക സഹായം 25%)	- 70,000/-
	ബ്ലോക്ക് പഞ്ചായത്ത് വിഹിതം (അധിക സഹായം 50%)	- 1,12,000/-
	ജില്ലാ പഞ്ചായത്ത് വിഹിതം (അധിക സഹായം 25%)	- 98,000/-
	ലഭ്യമാകുന്ന ആകെ തുക	**4,00,000/-**
പട്ടിക വർഗ്ഗ വിഭാഗം	പി.എം.എ.വൈ വിഹിതം	- 1,20,000/-
	ഗ്രാമപഞ്ചായത്ത് വിഹിതം (അധിക സഹായം 25%)	- 70,000/-
	ബ്ലോക്ക് പഞ്ചായത്ത് വിഹിതം (അധിക സഹായം 50%)	- 1,12,000/-
	ജില്ലാ പഞ്ചായത്ത് വിഹിതം (അധിക സഹായം 25%)	- 98,000/-
	ലഭ്യമാകുന്ന ആകെ തുക	**4,00,000/-**
ശാരീരികവും മാനസിക വുമായി വെല്ലുവിളികൾ നേരിടുന്നവർ അംഗങ്ങ ളായ കുടുംബം	ഐ.എ.വൈ വിഹിതം	- 1,20,000/-
	ഗ്രാമപഞ്ചായത്ത് വിഹിതം (അധിക സഹായം 25%)	- 70,000/-
	ബ്ലോക്ക് പഞ്ചായത്ത് വിഹിതം (അധിക സഹായം 50%)	1,12,000/-
	ജില്ലാ പഞ്ചായത്ത് വിഹിതം (അധിക സഹായം 25%)	- 98,000/-
	ലഭ്യമാകുന്ന ആകെ തുക	**4,00,000/-**

ഗഡുക്കൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം തുടർ ഗഡുക്കൾ നൽകുന്നതിനുള്ള നടപടി:

നാലു ഗഡുക്കളായി തുക നൽകും. ഓരോഗഡുക്കളും അനുവദിക്കുന്നതിന് വീടിന്റെ നിർമ്മാണഘട്ടം പരിശോധിച്ച് നൽകുന്ന വി.ഇ.ഒ യുടെ സർട്ടിഫിക്കറ്റ് ആവശ്യമാണ്. ഇതിന് വി.ഇ.ഒ യ്ക്ക് അപേക്ഷ നൽകണം. ബി.ഡി.ഒ/ഹൗസിംഗ് ഓഫീസർ എന്നിവർ ഇതിൻമേൽ പരിശോധന നടത്തി ഗഡുക്കൾ അനുവദിക്കും. അവസാന ഗഡു നൽകുന്നതിനുള്ള അപേക്ഷയോടൊപ്പം മോണിറ്ററിംഗ് റിപ്പോർട്ടും നിർമ്മാണം പൂർത്തിയായ വീടിന്റെ ചിത്രവും നൽകണം. പി.എം.എ.വൈ പ്രകാരം നിർമ്മിക്കുന്ന വീടുകളുടെ ആകെ വിസ്തീർണ്ണം 25 ച. മീറ്ററിനും 40 ച മീറ്ററിനും ഇടയിലായിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഓരോ വീടിനോടനുബന്ധിച്ചും പുകയില്ലാത്ത അടുപ്പും സാനിട്ടറി ലാട്രിനും, മേൽക്കൂര മഴവെള്ള സംഭരണ സംവിധാനം 4 പോയിന്റ് വയറിംഗ് എന്നിവ ഉണ്ടായിരിക്കണം. ആസ്ബറ്റോസ് മേൽക്കൂര പാടില്ല.വി.ഇ.ഒമാർ പണി ആരംഭിക്കുന്നതിനു മുൻപ് വീട് വയ്ക്കുന്ന സ്ഥലം, തറ പൂർത്തിയാക്കിയത്, ഭവനം പൂർത്തിയായത്, എന്നിവയുടെ ഫോട്ടോ ജിയോടാഗ് ചെയ്ത് ബി.ഡി.ഒ അംഗീകരിക്കുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കുന്നു.

സമയപരിധി

ഓരോ വർഷവും മാർച്ച് 31 നകം വീട് നിർമ്മാണം പൂർത്തിയാക്കിയിരിക്കണം. കൂടാതെ പി.എം.എ.വൈ പദ്ധതിയിൽ എഗ്രിമെന്റ് ചെയ്ത് 9 മാസത്തിനകം വീട് പൂർത്തീകരിക്കണം. അനുവദിക്കപ്പെടാവുന്ന അപേക്ഷകൾ, രേഖകൾ സഹിതം സമർപ്പിക്കുന്ന ദിവസം തന്നെ ആദ്യഗഡു അനുവദിക്കാവുന്നതാണ്. വീടുകളുടെ നിർമ്മാണ ഘട്ടങ്ങൾ പൂർത്തിയാക്കുന്നതനുസരിച്ച് വി.ഇ.ഒ യുടെ റിപ്പോർട്ടിന്റെ ജിയോടാഗ് അടിസ്ഥാനത്തിൽ അർഹതയുള്ള തുക ഉടൻതന്നെ അനുവദിക്കും.

നിർമ്മാണം പൂർത്തിയാകാത്ത ഭവനങ്ങൾ

തദ്ദേശ സ്ഥാപനങ്ങളും സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളും മുൻകാലങ്ങളിൽ നടപ്പിലാക്കിയ ഭവന പ്രോജക്ടുകളിലെ നിർമ്മാണം പൂർത്തിയാകാത്തതും വാസയോഗ്യമല്ലാത്തതുമായ വീടുകളുടെ പൂർത്തീകരണത്തിന് അനുവദിക്കുന്ന ധനസഹായം

അർഹത:

1. 01/04/2007 ന് മുൻപ് സഹായം ഭാഗികമായി ലഭിച്ചവരായിരിക്കണം
2. ബി.പി.എൽ കുടുംബമായിരിക്കണം
3. സർക്കാർ സ്ഥാപനങ്ങളോ, വിവിധ വകുപ്പുകളോ, ഏജൻസികളോ മുൻപ് നടപ്പാക്കിയ ഭവന പദ്ധതികൾ പ്രകാരം ഭാഗികമായി ധനസഹായം ലഭിച്ചതും വീട് പൂർത്തിയാക്കാൻ കഴിയാത്തതുമായ ഗുണഭോക്താവായിരിക്കണം

തെരഞ്ഞെടുപ്പ്:

1. ഗ്രാമസഭ – ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്
2. ബി.പി.എൽ മാർക്കിന്റെ അടിസ്ഥാനത്തിൽ
3. വാസയോഗ്യമല്ല എന്ന സർട്ടിഫിക്കറ്റ് –വി.ഇ.ഒ/എഞ്ചിനീയർ/ഓവർസീയർ
4. പൂർത്തീകരിക്കേണ്ട ഭാഗത്തിന്റെ എസ്റ്റിമേറ്റ്, പൂർത്തീകരിച്ച ഭാഗത്തിന്റെ മൂല്യ നിർണ്ണയം എന്നിവയുടെ അടിസ്ഥാനത്തിൽ

ധനസഹായം:

1. ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി ഐ.എ.വൈ/പി.എം.എ.വൈ പദ്ധതിയുടെ ഭാഗമായോ നടപ്പാക്കാവുന്നതാണ്. ഐ.എ.വൈ വിഹിതത്തിന് ഉപരിയായി നൽകേണ്ട അധിക വിഹിതം ലൈഫ് ഫണ്ടിൽ നിന്നും കണ്ടെത്തുന്നു.
2. പുതിയ വീട് നിർമ്മാണത്തിന് അനുവദനീയമായ ധനസഹായ തുകയിൽ നിന്ന് മുൻപ് നൽകിയ തുക കുറവ് ചെയ്തതിന് ശേഷമുള്ള ബാക്കി തുക അനുവദിക്കുന്നു. സ.ഉ(സാധാ) 196/2017 തീ:

ലഭ്യമാകുന്ന തുക

ജനറൽ വിഭാഗം	– 4,00,000/–
എസ്.സി വിഭാഗം	– 4,00,000/–
എസ്.റ്റി വിഭാഗം	– 4,00,000/–

മുൻപ് ലഭിച്ച തുക കഴിച്ച് ബാക്കി പൂർത്തീകരിക്കുന്നതിനുള്ള ഭാഗത്തിന്റെ എസ്റ്റിമേറ്റ് തുക – ഏതാണോ കുറവ്)

അപേക്ഷിക്കേണ്ട വിധം : ഗ്രാമസഭ/ഗ്രാമ പഞ്ചായത്ത് മുഖേന ജനറൽ വിഭാഗം

സ്വർണ്ണ ജയന്തി ഗ്രാമ റോസ്ഗാർ യോജന (എസ്.ജി.എസ്.വൈ) പദ്ധതി മുഖേന സ്വയംതൊഴിൽ സംരംഭങ്ങൾക്കുള്ള ധനസഹായം, പരിശീലനം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ

സ്വയംതൊഴിൽ പരിപാടിയുടെ എല്ലാ ഘടകങ്ങളും ഉൾക്കൊള്ളുന്ന ഒരു സമഗ്ര പദ്ധതിയാണിത്.

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ സ്വയം സഹായ സംഘങ്ങളായി സംഘടിപ്പിക്കുക, അവർക്ക് ആവശ്യമായ പരിശീലനം, സാങ്കേതിക ജ്ഞാനം, അടിസ്ഥാന സൗകര്യങ്ങൾ, വിപണന സൗകര്യം, ബാങ്ക് വായ്പ സംഘടിപ്പിക്കാനുള്ള സഹായം, ധനസഹായം എന്നിവ നൽകി അവരെ ദാരിദ്ര്യ രേഖയ്ക്കു മുകളിൽ കൊണ്ടുവരികയാണ് ലക്ഷ്യം.

പ്രാദേശികമായി ലഭിക്കുന്ന വിഭവങ്ങൾ ജനങ്ങളുടെ തൊഴിൽ വൈദഗ്ധ്യം, വിപണന സൗകര്യങ്ങൾ എന്നിവ പരിഗണിച്ച് ഏതാനും മുഖ്യ സാമ്പത്തിക പ്രവർത്തനങ്ങൾ ഓരോ ബ്ലോക്കിലും തെരഞ്ഞെടുത്ത് അങ്ങനെയുള്ള സ്വയംതൊഴിൽ പദ്ധതികൾ ആരംഭിക്കാൻ ഗ്രൂപ്പുകളെയും വ്യക്തികളെയും പ്രാപ്തരാക്കി തീർക്കുന്നു.

ഗുണഭോക്താക്കളിൽ 50% പട്ടികജാതി പട്ടികവർഗ്ഗകാകരും 40% സ്ത്രീകളും 3% വികലാംഗരും 15% ന്യൂനപക്ഷ വിഭാഗങ്ങളും ആയിരിക്കണം. ഈ പദ്ധതി കൂടുതൽ വിപുലപ്പെടുത്തി ദേശീയ ഗ്രാമീണ ഉപജീവന മിഷൻ എന്ന ഒരു പുതിയ പദ്ധതി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്.

അർഹത:

ഗ്രൂപ്പുകൾ – (1) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരാകണം, ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ള 20% മുതൽ 30%വരെയുള്ള ആളുകളെ ഗ്രൂപ്പിൽ ചേർക്കാമെങ്കിലും ഇവർക്ക് ആനുപാതിക സബ്സിഡിക്ക് അവകാശമില്ല

(2) 15–20 വരെ അംഗങ്ങൾ ഒരു ഗ്രൂപ്പിൽ ആകാം
(3) ഗ്രൂപ്പിന് നിയമാവലി വേണം
(4) ബ്ലോക്ക് ഓഫീസിൽ രജിസ്റ്റർ ചെയ്തിരിക്കണം
(5) ഒരു കുടുംബത്തിൽ നിന്നും ഒന്നിലധികം അംഗങ്ങൾ പാടില്ല
(6) ഒരു കുടുംബത്തിലെ ഒന്നിലധികം അംഗങ്ങൾ വിവിധ ഗ്രൂപ്പുകൾ അംഗങ്ങളാകാൻ പാടില്ല

(7) ഗ്രൂപ്പ് മീറ്റിംഗുകൾ യഥാസമയം കൂടണം
(8) നിശ്ചിത സമ്പാദ്യങ്ങളിലൂടെ ഗ്രൂപ്പിന് മൂലധനം ഉണ്ടാകണം
(9) മൂലധനം അംഗങ്ങൾക്ക് വായ്പയായി നൽകാം
(10) ബാങ്കിൽ ഗ്രൂപ്പിനും വ്യക്തികൾക്കു പ്രത്യേകം അക്കൗണ്ട് തുറക്കണം
(11) റിക്കാർഡുകൾ സൂക്ഷിക്കണം
(12) 50% വനിതാ ഗ്രൂപ്പുകൾ ആയിരിക്കണം (ബ്ലോക്ക് തലത്തിൽ)

ഗ്രൂപ്പുകളുടെ രൂപീകരണം (ഒന്നാം ഘട്ടം)

ഒരേ സാമ്പത്തിക പശ്ചാത്തലം, ഒരേ തൊഴിൽ ചെയ്യുന്നവർ, ഒരേ പ്രദേശത്തുള്ളവർ, ഏകദേശം ഒരേ പ്രായമുള്ളവർ എന്നിവർ ഒത്തുചേർന്ന് ഒരു ഗ്രൂപ്പായി പ്രവർത്തനം ആരംഭിക്കുന്നു.

ഗ്രൂപ്പുകളുടെ രൂപീകരണം (രണ്ടാം ഘട്ടം)

അംഗങ്ങളിൽ നിന്ന് ലഘു സമ്പാദ്യങ്ങൾ രൂപീകരിക്കുന്നു. അംഗങ്ങൾക്കിടയിൽ മിതമായ പലിശയ്ക്ക് ഈ സമ്പാദ്യതുക വിതരണം ചെയ്യുന്നു. തിരിച്ചടവ് കൃത്യതയുള്ളതാക്കുന്നു. സമ്പാദ്യവും തിരിച്ചടവും സംബന്ധിച്ച് കൃത് നിഷ്ഠ, അച്ചടക്കം എന്നിവ പാലിക്കുന്നു. യോഗം ചേരുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും രേഖകളുടെ സൂക്ഷിപ്പ്, (മിനിട്സ് ബുക്ക്, അംഗത്വ രജിസ്റ്റർ, ഹാജർ ബുക്ക്, ലോൺ രജിസ്റ്റർ ക്യാഷ് ബുക്ക്, പാസ് ബുക്കുകൾ എന്നിവ) കണക്കെഴുത്ത് എന്നിവ കൃത്യതയുള്ളതാക്കുന്നു.

മൂന്നാം ഘട്ടം

സമ്പാദ്യ ശീലം വർദ്ധിപ്പിക്കുന്നു. അംഗങ്ങൾക്ക് വായ്പ നൽകുന്നു. 6 മാസം പ്രവർത്തിച്ചു കിയുമ്പോൾ ഫസ്റ്റ് ഗ്രേഡിംഗ് നടത്തി ഗ്രൂപ്പിന്റെ സമ്പാദ്യവുമായി ബന്ധപ്പെടുത്തി ബ്ലോക്കിൽ നിന്നും റിവോൾവിംഗ് ഫണ്ടും വരുമാന വർദ്ധനവിന് ബാങ്കിൽ നിന്നും കുറഞ്ഞ പലിശയ്ക്ക് വായ്പയും അനുവദിക്കുന്നു. റിവോൾവിംഗ് ഫണ്ട് പരമാവധി 20000/– രൂപയാണ്. ഗ്രൂപ്പ് സമ്പാദ്യത്തിന്റെ നാലിരട്ടി വരെ ബാങ്ക് വായ്പ ലഭിക്കും.

നാലാം ഘട്ടം

റിവോൾവിംഗ് ഫണ്ട് ഉപയോഗിച്ച് കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഗ്രൂപ്പുകളെ രണ്ടാംഘട്ട വിലയിരുത്തലിന് വിധേയമാക്കിയതിന് ശേഷം വിജയിക്കുന്ന ഗ്രൂപ്പുകളെ കൂടുതൽ നിക്ഷേപത്തോടെ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ ബാങ്ക് വായ്പയും സബ്സിഡിയും നൽകുന്നു.

വായ്പയ്ക്ക് പരിധിയില്ല. സബ്സിഡി പദ്ധതി അടങ്കലിന്റെ 50% അല്ലെങ്കിൽ 1.25 ലക്ഷം രൂപ ഇതിൽ ഏതാണോ കുറവ് അതായിരിക്കും.

പരിശീലനങ്ങൾ

സംരംഭകർക്ക് വായ്പ അനുവദിച്ചാൽ 2 ദിവസത്തെ അടിസ്ഥാന അവബോധ പരിശീലനം നൽകുന്നു. (ബി.ഒ.റ്റി) തുടർന്ന് തെരഞ്ഞെടുക്കപ്പെട്ട പ്രവർത്തിയിൽ വൈദഗ്ധ്യ പരിശീലനം (സ്കിൽ അപ്ഗ്രഡേഷൻ ട്രെയിനിംഗ് നൽകും)

അടിസ്ഥാന സൗകര്യങ്ങൾ, വിപണന സൗകര്യങ്ങൾ എന്നിവയും നൽകുന്നു.

ഗ്രൂപ്പ് ഇൻഷ്വറൻസ്

18-60 വയസുള്ള സ്വറോസ്ഗാരികൾക്ക് ഗ്രൂപ്പ്ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ ഉണ്ട്. ഇതിനായി ഗുണഭോക്താവ് പ്രീമിയം അടക്കേണ്ടതില്ല.

MKSP (മഹിള കിസാൻ സശാക്തീകരൺ പരിയോജന)

നാഷണൽ റൂറൽ ലൈവ്ലി ഹുഡ് മിഷന്റെ ഘടകപദ്ധതിയായിട്ടാണ് സ്ത്രീ ശാക്തീകരണം എന്ന ലക്ഷ്യത്തോടുകൂടി 2007 ൽ മഹിള കിസാൻ സശാക്തീകരൺ പരിയോജന ആരംഭിക്കുന്നത്. കേരളത്തിൽ കുടുംബശ്രീ മിഷനാണ് ഇതിന്റെ നടത്തിപ്പ് ചുമതല. കാർഷിക മേഖലയിൽ വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക വഴി കാർഷിക മേഖലയെ ശക്തിപ്പെടുത്തുക എന്നതാണ് ലക്ഷ്യം. 18 നും 45 നും ഇടയ്ക്ക് പ്രായമുള്ള വനിതകൾക്ക് കാർഷിക മേഖലയിൽ തെങ്ങുകയറ്റ യന്ത്രങ്ങൾഉൾപ്പെടെയുള്ള നൂതനങ്ങളായ യന്ത്രങ്ങൾ ഉപയോഗിക്കുന്നതിന് പരിശീലനം നൽകുകയും ചെയ്യുന്നു. നെൽ കൃഷിയിലാണ് കൂടുതൽ പരിശീലനം നൽകി വരുന്നത്. പഞ്ചായത്ത് തലത്തിൽ ലേബർ ഗ്രൂപ്പുകളും ബ്ലോക്ക് തലത്തിൽ ലേബർ ബാങ്കും രൂപീകരിച്ച് കാർഷിക മേഖലയിലെ തൊഴിലാളികളുടെ കുറവ് പരിഹരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. സ്ത്രീകൾക്ക് സമഗ്ര കാർഷിക കാഴ്ച്ചപ്പാടുകൾ നൽകുന്നതിനും ഗാർഹിക ഭക്ഷണ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും MKSP യ്ക്ക് സാധിക്കും. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവർ, വിധവകൾ, വിവാഹ ബന്ധം വേർപെടുത്തിയവർ, അവിവാഹിതർ, തൊഴിലുറപ്പ് പദ്ധതിയിൽ 50 ദിവസത്തിലധികം തൊഴിലെടുത്തവർ എന്നിവർക്ക് മുൻഗണന നൽകുന്നു.

ജനകീയാസൂത്രണ പദ്ധതി

ഓരോ വർഷവും സംസ്ഥാന സർക്കാർ ബഡ്ജറ്റ് വിഹിതത്തിലൂടെ ലഭ്യമാകുന്ന വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്ഇവ ഉപയോഗിച്ച് ബ്ലോക്ക് പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രമസഭ, സ്റ്റേക്ക് ഹോൾഡേഴ്സ് യോഗങ്ങൾ, പഞ്ചായത്ത് സമിതി എന്നിവ ചർച്ച ചെയ്താണ് പദ്ധതികൾക്ക് രൂപം നൽകുന്നത്.

ഉല്പാദന മേഖല, പശ്ചാത്തല മേഖല, സേവന മേഖല എന്നിവയ്ക്ക് സർക്കാർ മാനദണ്ഡ പ്രകാരം നിശ്ചിത തുക വകയിരുത്തിയാണ് പദ്ധതികൾ തയ്യാറാക്കുന്നത്. ഇത് ജില്ലാ ആസൂത്രണ സമിതി അംഗീകരിക്കുന്നതോടെ പദ്ധതികളുടെ നിർവ്വഹണം നടത്തുന്നു.

നിലവിൽ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുത്ത് നടത്തുവാൻ അനുവാദമില്ല. ഭവന നിർമ്മാണം, ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്നവർ എന്നിവർക്കുള്ള പദ്ധതികൾക്ക് മാത്രം ഗവണ്മെന്റ് പ്രത്യേക അനുവാദം നൽകിയിട്ടുണ്ട്. പ്രാദേശിക വികസന പദ്ധതിയിയിൽ ഉൾപ്പെടുത്താൻ താൽപര്യമുള്ള വ്യക്തിഗത സഹായ പദ്ധതികൾ ഒഴിച്ചുള്ള പദ്ധതികൾക്കുള്ള നിർദ്ദേശങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ പരിഗണനയ്ക്കായി പൊതു ജനങ്ങൾക്ക് സമർപ്പിക്കാവുന്നതാണ്. കൃഷി, ചെറുകിട ജലസേചനം, ശുചിത്വം, ഖരമാലിന്യ നിർമ്മാർജ്ജനം, ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പദ്ധതികൾ രണ്ട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം എന്നിവ ഇവയിൽപെടുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

അവിദഗ്ധ തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള പ്രായപൂർത്തിയായ അംഗങ്ങൾ ഉള്ള ഏതൊരു ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തെ തൊഴിൽ ഉറപ്പു നൽകുന്ന പദ്ധതിയാണിത്.

- പഞ്ചായത്തിൽ സ്ഥിരതാമസമായിരിക്കണം
- 18 വയസ്സ് പൂർത്തിയായിരിക്കണം. ഉയർന്ന പ്രായ പരിധിയില്ല, എ.പി.എൽ/ബി.പി.എൽ വ്യത്യാസം ഇല്ല.
- ഗ്രാമപഞ്ചായത്തിൽ പേര് രജിസ്റ്റർ ചെയ്യണം

- രജിസ്റ്റർ ചെയ്ത് 15 ദിവസത്തിനകം തൊഴിൽ കാർഡ് നൽകും
- കുറഞ്ഞത് 14 ദിവസത്തേക്ക് തൊഴിലിന് അപേക്ഷിക്കാം
- ജോലിക്ക് മുൻകൂറായും അപേക്ഷിക്കാം
- അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മവേതനം, നഷ്ടപരിഹാരം
- ആകെ തൊഴിലിന്റെ 1/3 ശതമാനം സ്ത്രീകൾക്ക്
- ഒരു വർഷം ഒരു കുടുംബത്തിന് 100 ദിവസം തൊഴിൽ ഉറപ്പ്
- താമസ സ്ഥലത്തിന് 5 കി.മീറ്ററിനുള്ളിൽ ജോലി, പുറത്താണെങ്കിൽ 10% അധികം കൂലി.
- തൊഴിലാളികൾക്കുള്ള വേതനം 7 മുതൽ 14 ദിവസത്തിനകം
- കുടിവെള്ളം, തമൽ സൗകര്യം, പ്രഥമശുശ്രൂഷാ സൗകര്യം എന്നിവ പണിസ്ഥലത്ത്
- വേതനം ബാങ്ക് അക്കൗണ്ട് മുഖേന, സ്ത്രീയ്ക്കും പുരുഷനും തുല്യ വേതനം
- പരിക്കുപറ്റിയാൽ ചികിത്സാ സൗകര്യം
- മരണം/അംഗവൈകല്യം എന്നിവയ്ക്ക് ധനസഹായം
- 6 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് (കുറഞ്ഞത് 5 കുട്ടികൾക്ക്) ആയ

ബി.പി.ഒ (ബ്ലോക്ക് പ്രോഗ്രാം ഓഫീസർ) മുഖേന ലഭ്യമാവുന്ന സേവനങ്ങൾ

- രജിസ്ട്രേഷൻ നിക്ഷേധിക്കൽ, തൊഴിൽ കാർഡ് ലഭിക്കാതിരിക്കൽ എന്നിവയിൽ നടപടി
- തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള നടപടി
- കൃത്യ സമയത്ത് വേതനം ലഭിച്ചില്ലെങ്കിൽ അത് ലഭ്യമാക്കാനുള്ള തുടർ നടപടികൾ
- ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തുന്നു.
- കാര്യക്ഷമമായ വിലയിരുത്തൽ
- സോഷ്യൽ ഓഡിറ്റ് നടത്തിപ്പ്
- പദ്ധതിയുടെ നിർവ്വഹണത്തിന്റെ മേൽനോട്ട ചുമതല
- മസ്റ്റർ റോളിന്റെ വിതരണം, മോണിട്ടറിംഗ്
- പദ്ധതി പ്രവർത്തികളുടെ ക്രായക്ഷമത, ഗുണനിലവാരം, തൊഴിലാളികളുടെ അവകാശങ്ങൾ, ഫണ്ട് ദുരുപയോഗം തടയൽ എന്നിവയിൽ ജാഗ്രതയോടെയുള്ള നിരീക്ഷണം

  ഗ്രാമപഞ്ചായത്തിൽ പരാതി നൽകി 7 ദിവസത്തിനുള്ളിൽ തീർപ്പായില്ലെങ്കിൽ ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്ക് പരാതി നൽകാം. അതിന് 7 ദിവസത്തിനുള്ളിൽ തീർപ്പുണ്ടാകും.

മറ്റു സേവനങ്ങൾ

ബി.പി.എൽ സർട്ടിഫിക്കറ്റ്

ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അംഗങ്ങൾക്ക് സർട്ടിഫിക്കറ്റ് നൽകുന്നത് ഈ സ്ഥാപനത്തിൽ നിന്നാണ്. ഇതിനായി വെള്ളക്കടലാസിൽ അപേക്ഷ നൽകുകയും അപേക്ഷയിൽ താമസിക്കുന്ന ഗ്രാമപഞ്ചായത്തിലെ വി.ഇ.ഒ സാക്ഷ്യപത്രം നൽകുകയും വേണം. അപേക്ഷിക്കുന്ന ദിവസം തന്നെ സർട്ടിഫിക്കറ്റുകൾ നൽകുകയും വേണം

ഇതര സാക്ഷ്യപത്രങ്ങൾ

1. ഐ.എ.വൈ ഗുണഭോക്താവ് ആണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
2. ആനുകൂല്യങ്ങൾ നൽകിയതു സംബന്ധിച്ച സർട്ടിഫിക്കറ്റ്

ഡി.ആർ.ഐ ലോൺ

ഐ.എ.വൈ ഗുണഭോക്താക്കൾക്ക് 4% പലിശ നിരക്കിൽ പൊതുമേഖലാ ബാങ്കുകൾ ഭവന വായ്പ അനുവദിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പരമാവധി 20000/- രൂപ വായ്പ നൽകും. ഭവന നിർമ്മാണം നടക്കുന്ന ഘട്ടത്തിൽ ഇതിനായി ബാങ്കിൽ അപേക്ഷ നൽകണം. ഐ.എ.വൈ ഗുണഭോക്താവ് ആണെന്ന് കാണിക്കുന്ന സാക്ഷ്യപത്രം ഈ സ്ഥാപനത്തിൽ നിന്ന് നൽകും. ഇതിനായി വെള്ളക്കടലാസിൽ ഈ സ്ഥാപനത്തിൽ അപേക്ഷ നൽകിയാൽ അന്നുതന്നെ സാക്ഷ്യപത്രം നൽകുന്നതാണ്. വായ്പയ്ക്ക് ബാങ്കിന്റെ ജാമ്യ വ്യവസ്ഥകൾ ബാധകമാണ്.

സാക്ഷരതാ പ്രവർത്തനങ്ങൾ

സംസ്ഥാന സാക്ഷരതാ മിഷനുമായി സഹകരിച്ച് തുല്യതാ പരീക്ഷയ്ക്ക് വിദ്യാർത്ഥികളെ സജ്ജമാക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. ബ്ലോക്ക് പ്രേരക്മാരുടെ ഓഫീസിൽ നിന്ന് ഇതിനാവശ്യമായ വിവരങ്ങൾ ലഭിക്കുന്നതാണ്.

കായിക കലാ പ്രവർത്തനങ്ങൾ

കേരളോത്സവം, പൈക്ക പദ്ധതി എന്നിവ പ്രകാരം ബ്ലോക്ക് തല കായിക-കലാ മത്സരങ്ങൾ വർഷം തോറും സംഘടിപ്പിക്കുന്നുണ്ട്. മത്സരങ്ങളിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ബ്ലോക്കിലെ ജനറൽ എക്സ്റ്റൻഷൻ ഓഫീസറുടെ പക്കലും ഗ്രാമപഞ്ചായത്ത് ഓഫീസുകളിലും പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

സമ്പൂർണ്ണ ശുചിത്വം

വ്യക്തിഗത കക്കൂസുകളുടെ നിർമ്മാണത്തിന് പി.എം.എ.വൈ ധനസഹായത്തിനു പുറമേ തുക അനുവദിക്കുന്നുണ്ട്. ഇതിന് പ്രത്യേക അപേക്ഷ ആവശ്യമില്ല. വെർമി കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ് അംഗനവാടി ടോയ്ലറ്റ്, ഗവ. സ്ക്കൂളുകളിലെ ടോയ്ലറ്റ്, അറ്റകുറ്റപ്പണികൾ, കമ്മ്യൂണിറ്റി ടോയ്ലറ്റ് കോംപ്ലക്സ് എന്നിവയ്ക്കുള്ള പദ്ധതി നിർദ്ദേശങ്ങൾ ബ്ലോക്കിൽ സ്വീകരിക്കുന്നതാണ്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പദ്ധതികൾ അനുവദിക്കും.

ദേശീയ സമ്പാദ്യപദ്ധതി (എൻ.എസ്.എസ്)

ദേശീയ സമ്പാദ്യ പദ്ധതിയിൽ തൊഴിൽ രഹിതരായ യുവതികൾ ജോലി ചെയ്യുന്നു. കേരള സർക്കാരിന്റെ കീഴിൽ ധനകാര്യവകുപ്പാണ് നേതൃത്വം നൽകുന്നതെങ്കിലും മഹിള പ്രധാൻ ഏജന്റുമാരെ നിയമിക്കാനുള്ള അധികാരം ബ്ലോക്ക് ഡെവലപ്പമെന്റ് ഓഫീസർക്കുണ്ട്. എസ്.എസ്.എൽ.സി പാസായ യുവതികൾക്ക് എം.പി.കെ.ബി.വൈ ഏജന്റുമാരായി ജോലി നോക്കാം. നല്ല വാക്സാമർത്ഥ്യവും ഫീൽഡ് ജോലികൾ ചെയ്യുന്നതിനുള്ള കഴിവും ഇതിന് അത്യന്താപേക്ഷിതമാണ്. വിവിധതരം സ്കീമുകളിൽ സമ്പാദ്യശേഖരം നടത്തുന്നുണ്ട്.

1. നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ്
2. പ്രതിമാസ വരുമാന പദ്ധതി
3. കിസ്സാൻ വികാസ് പത്ര
4. റിക്കറിംഗ് ഡെപ്പോസിറ്റ്
5. ടൈം ഡിപ്പോസിറ്റ്

ഇതിൽ ഏറ്റവും പ്രഥമവും പ്രാധാന്യമുള്ളതുമായ പദ്ധതിയാണ് റിക്കറിംഗ് ഡെപ്പോസിറ്റ് (ആർ.ഡി) മഹിള പ്രധധാൻഏജന്റുമാർ ഓരോ വീട്ടിലും ചെന്ന് ഇതിൽ അംഗങ്ങളെ ചേർക്കുന്നു. 10 മുതൽ എത്രവേണമെങ്കിലും അക്കൗണ്ടുകൾ ചേരൻ കഴിയും. മാസംതോറും വീടുകളിൽ എത്തി അക്കൗണ്ട് ഹോൾഡർമാരിൽ നിന്നും പണം ശേഖരിച്ച് അവർ പോസ്റ്റ് ഓഫീസിൽ അടയ്ക്കുന്നു. ഇത് അക്കൗണ്ട ബുക്കിൽ പോസ്റ്റ് മാസ്റ്റർ രേഖപ്പെടുത്തി അക്കൗണ്ട് ഹോൾഡർക്ക് തിരികെ ഏൽപ്പിക്കുന്നു. കൂടാതെ കക്ഷികൾക്ക് ഇൻവെസ്റ്റേഴ്സ് കാർഡ് നൽകുന്നുണ്ട. ഈ കാർഡിൽ രേഖപ്പെടുത്തിയാണ് അക്കൗണ്ട തുക വാങ്ങുന്നത്.

കൂടാതെ കിസാൻ വികാസ് പത്ര,പ്രതിമാസ സമ്പാദ്യപദ്ധതി എന്നിവയിലും തുക അടയ്ക്കുവാനുള്ള സൗകര്യമുണ്ട്. അക്കൗണ്ട് അടയ്ക്കുന്നതിനുള്ള കമ്മീഷൻ ഏജന്റുമാർക്ക് ലഭിക്കുകയും , അവർക്ക് ഇതൊരു ജീവിതമാർഗ്ഗവുമായി പരിണമിക്കുന്നു.

എസ്.സി.എസ്.എസ്(സീനിയർ സിറ്റിസൺ സേവിംഗ്സ് സ്കീം)

പി.പി.എഫ് പബ്ലിക് പ്രൊവിഡൻ ഫണ്ട് തുടങ്ങിയ പദ്ധതികളും നിലവിലുണ്ട്.

കേരളോത്സവം

കേരളത്തിലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ കേരളോത്സവം നടത്തുന്നു. ഗ്രാമപഞ്ചായത്തുതലംതൊട്ട് സംസ്ഥാനതലംവരെ നടത്തുന്നുണ്ട്.

കേരളത്തിലെ യുവതീയുവാക്കൾക്ക് തന്റെ കായികപരവും കലാപരവുമായ കഴിവു വളർത്തിയെടുക്കാൻ മറ്റൊരുവഴിയുമില്ലാത്തതിനാൽ അവരുടെ കഴിവുകൾ കണ്ടറിഞ്ഞ് പ്രോത്സാഹിപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യം. സംസ്ഥാന യുവജന ക്ഷേമ ബോർഡും ഇതിനുവേണ്ടി സഹായം നൽകുന്നു.

ഗ്രാമപഞ്ചായത്തിൽ മത്സരം കഴിഞ്ഞ് ഒന്നാം സ്ഥാനം നേടുന്നവരെ ബ്ലോക്ക് തലത്തിലും അവിടെ നിന്നു സമ്മാനം നേടുന്നവരെ ജില്ലാതലത്തിലും പിന്നീട് സംസ്ഥാന തലത്തിലും മത്സരങ്ങൾ നടത്തുന്നു. ഇതിൽ വിജയികൾക്ക് സമ്മാനം നൽകുന്നതാണ്.

ലീഗൽ എയ്ഡ് ക്ലിനിക്ക്

എല്ലാ മാസവും 1–ാം തീയതി ഉച്ച കഴിഞ്ഞ് 2 മണി മുതൽ 3.30 വരെ ഈ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾക്ക് നിയമ പ്രശ്നങ്ങളിൽ പരാതികൾ സ്വീകരിക്കുന്നതിനും മറുപടി നൽകുന്നതിനും ഒരു വക്കീലിന്റെ സേവനം ഉണ്ടായിരിക്കുന്നതാണ്.

പട്ടികജാതി വികസന ആഫീസ് വഴി ലഭ്യമാകുന്ന സേവനങ്ങൾ

ക്രമനം	ലഭ്യമാകുന്ന സേവനങ്ങൾ	തുക/സേവനം	അർഹതാ മാനദണ്ഡം	അപേക്ഷിക്കേണ്ട രീതി
1	വിവാഹ ധനസഹായം	75,000/	എസ്.സി വിഭാഗത്തിൽ പെട്ട 1,00,000/- ൽ താഴെ വരുമാനമുള്ളവർക്ക്	ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, പെൺ കുട്ടിയുടെ പ്രായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷിക്കുക
2	മിശ്ര വിവാഹ ധനസഹായം	75,000/	ഒരാൾ പട്ടികജാതിയിലും പങ്കാളി ഇതര സമുദായത്തിലും പെട്ടതാകണം. വരുമാന പരിധി 1,00,000/-	വിവാഹശേഷം ഒരു വർഷം കഴിഞ്ഞ് മൂന്ന് വർഷത്തിനകം അപേക്ഷിക്കണം. ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, സഹവാസ സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷിക്കുക
3	ചികിത്സാ ധനസഹായം	50,000/	എസ്.സി വിഭാഗത്തിൽപ്പെട്ട 1,00,000/- രൂപവരെ വരുമാനമുള്ളവർക്ക്	ജാതി, വരുമാനസർട്ടിഫിക്കറ്റ്, ബാങ്ക് അക്കൗണ്ട് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ സഹിതം അക്ഷയ കേന്ദ്രങ്ങളിലൂടെ ഓൺലൈനായി അപേക്ഷിക്കുക
4	ഭൂരഹിത പുനരധിവാസ പദ്ധതി	Block/Municipality /Corporation 375000/450000/ 600000	എസ്.സി വിഭാഗത്തിൽപ്പെട്ട ഭൂരഹിത കുടുംബങ്ങൾ	
5	ഭവന നിർമ്മാണം	400000	എസ്.സി വിഭാഗത്തിൽപ്പെട്ട സ്വന്തമായി ഭൂമിയുള്ള 1 ലക്ഷം രൂപ വരുമാന പരിധിയുള്ള ഭവന രഹിതർ	
6	ഭവന പുനരുദ്ധാരണം/ അഡീഷണൽ റൂം പദ്ധതി			
7	ലൈഫ് മിഷൻ പദ്ധതി - പൂർത്തിയാകാത്ത			

	ഭവനങ്ങളുടെ പൂർത്തീകരണം			
8	ടോയ്‌ലറ്റ് നിർമ്മാണം	25000		
